# എം.എൻ വിജയൻ: ജനപക്ഷത്ത് നിലയുറപ്പിച്ച പോരാളി

**ജമാൽ കടന്നപ്പള്ളി**

**‘പൊരുതുന്നവന്** ഒരു സൗന്ദര്യമുണ്ട്. അത് ബീച്ചിലെ സൗന്ദര്യമോ പാർക്കിലെ സൗന്ദര്യമോ അല്ല’- പ്രഫ. എം.എൻ വിജയന്റെ ഈ വാക്കുകൾ (*മരുഭൂമികൾ പൂക്കുമ്പോൾ*) പോരാളികളെ ഉത്തേജിപ്പിക്കുന്ന അനേകം ‘മറുവാക്കു’കളിൽ ഒന്നുമാത്രം. വിജയൻ ഉപയോഗിക്കുന്ന ഓരോ വാക്കിനും വെടിയുണ്ടയുടെ മൂർച്ചയും ദാർശനികതയുടെ ആഴവുമുണ്ടായിരുന്നു. ചിപ്പിയിലെ മുത്തെന്ന പോലെ തിളക്കമേറിയ വാക്കുകൾകൊണ്ട് ജീവിച്ചിരുന്ന കാലമത്രയും അദ്ദേഹം ജീർണതകൾക്കെതിരെ കലഹിച്ചു. അധിനിവേശത്തിനെതിരെയായിരുന്നു അദ്ദേഹം മരണം വരെ നട്ടെല്ലു നിവർത്തി ഉയർന്നുനിന്നത്. ‘വിദേശികൾക്ക് നമ്മുടെ വിഭവങ്ങളുടെ പടമെടുത്ത് റിസോഴ്സ് മാപ്പുകൾ നൽകി ഇന്ത്യ വിൽക്കാനുണ്ടെന്ന് വിളിച്ചു പറയുന്നു. രാജ്യത്തിന്റെ വില പറയുന്ന ഭൂപടങ്ങളാണിവ. ഇവ നൽകുക വഴി ഇന്ത്യയുടെ പരമാധികാര ലംഘനമാണ് നടന്നത്.’ തൃശൂർ പ്രസ് ക്ലബ്ബിൽ വെച്ച് കാണെക്കാണെ മറഞ്ഞുപോകുമ്പോൾ മാഷ് പറഞ്ഞ വാക്കുകളാണിത്.

അദ്ദേഹത്തിന്റെ വിറയ്ക്കുന്ന അധരങ്ങളിൽനിന്ന് ഒടുവിൽ മുറിഞ്ഞുവീണ വാക്കുകൾ കൂടി കാണുക: ‘*പാഠം* മുന്നോട്ടുവെച്ച ഭാഷയെയാണ് എല്ലാവരും വിമർശിച്ചത്. ഈ ഭാഷാ ചർച്ചയാണ് നമ്മുടെ രാഷ്ട്രീയ ചർച്ച. കേൾക്കണമെങ്കിൽ ഈ ഭാഷ വേണമെന്നു പറഞ്ഞത് ബർണാഡ്ഷായാണ്.’ ജീവനു തുല്യം സ്നേഹിച്ച പാർട്ടി കെട്ടിപ്പടുത്ത തിന്മയുടെ രജത സിംഹാസനങ്ങളെ ആക്രമിക്കണമെങ്കിൽ ഈ ഭാഷ തന്നെ വേണമെന്നർഥം. വിജയന്റെ ഈ വാക്കുകൾ കൂടി ശ്രദ്ധിക്കുക: ‘ജീർണിച്ച തത്ത്വശാസ്ത്രം പോലെ നാറുന്ന വേറെയൊന്നില്ല. അതിനു കാരണം നിങ്ങളുടെ ജീർണതയെ പ്രത്യയശാസ്ത്രം കൊണ്ട് ന്യായീകരിക്കാം എന്നുള്ളതാണ്. സി.പി.എം ഇപ്പോൾ അതാണ് നടത്തിവരുന്നത്.’ ‘കവിത എഴുതി തോൽപിക്കാനാവില്ല എന്ന് പാർട്ടി സെക്രട്ടറി ചരിത്രമറിയാതെ പറഞ്ഞതാവാം. കവിതയെഴുതിയും ജയിപ്പിക്കാനാകും എന്ന് ഭാസ്കരനും വയലാറും ഒ.എൻ.വിയും തെളിയിച്ച പാർട്ടിയിൽ തന്നെയാണ് സെക്രട്ടറി കുത്തിയിരിക്കുന്നത്.’ ‘ഒരു മരം മുറിഞ്ഞുവീഴുമ്പോൾ എല്ലാവരും വിചാരിക്കുക അത് അവസാനത്തെ കൊത്തിനാണ് വീണതെന്നാണ്. ആദ്യത്തെ കൊത്തെല്ലാം മരം തന്നെയാണ് സഹിക്കുക. വീഴുമ്പോഴാണ് അത് റിപ്പോർട്ട് ചെയ്യുക.’ ‘ഭാവിയിൽ ഒരു പാർട്ടി മെമ്പറാവാൻ എൻട്രൻസ് പരീക്ഷയും കോഴയും ഏർപ്പെടുത്തിയെന്നു വരാം. ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുന്നവർക്ക് വിപ്ലവസൗധത്തിൽ തൊഴിൽ നിയമനം എന്ന രീതി വരുന്ന കാലം വിദൂരമല്ല.’ ‘ജനകീയാസൂത്രണം ന്യായീകരിക്കാൻ എന്തിനു ചോംസ്കിയെ കൊണ്ടുവരുന്നു? ഞാൻ കഴിച്ച ഭക്ഷണത്തിന്റെ രുചി എന്താണെന്ന് ഞാനാണ് പറയേണ്ടത്, ചോംസ്കിയല്ല.’ ‘*പാഠ*ത്തിന്റെ നിരപരാധിത്വമല്ല; ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ അപരാധമാണ് നമ്മുടെ ചർച്ചാവിഷയം.’

വിജയൻ മാഷെ അധിനിവേശം പോലെ തന്നെ സദാ അലട്ടിയ മറ്റൊന്നായിരുന്നു ഫാഷിസം. വിദൂര പൈതൃക ചിഹ്നങ്ങളെ ജ്വലിപ്പിച്ച് ഹിംസയുടെ ശൂലമേന്തി മനുഷ്യന്റെ ശത്രുപക്ഷത്ത് നിന്ന് അട്ടഹസിക്കുന്ന ഹൈന്ദവ വർഗീയതയെ മാഷ് കൃത്യമായും വ്യക്തമായും ആക്രമിച്ചുകൊണ്ടിരുന്നു. ‘ഫാഷിസത്തിന്റെ മനഃശാസ്ത്രം’ സ്വന്തം തൂലികയിലൂടെ അദ്ദേഹം നമ്മെ അഭ്യസിപ്പിച്ചു. എൻ. പ്രഭാകരൻ പറഞ്ഞതുപോലെ ഹൃദയാലുവായ മനുഷ്യനായിരുന്നു എം.എൻ വിജയൻ. അതുകൊണ്ടുതന്നെ അദ്ദേഹം സദാ ‘പരാജയപ്പെട്ടവരോടൊപ്പം’ നിൽക്കാൻ ശ്രദ്ധ വെച്ചു. ദലിതർക്കുവേണ്ടിയും ഇറാഖിലെ മനുഷ്യർക്കുവേണ്ടിയും അദ്ദേഹം ഒരേപോലെ ശബ്ദിച്ചു.

വരികൾക്കിടയിൽ വായിക്കുകയും ‘വാർത്ത’കളിലെ ചതിക്കുഴികൾ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നതിൽ വിജയൻ മാഷിനുള്ള മിടുക്ക് മറ്റാർക്കുമില്ല. അമേരിക്കയുടെ ഇറാഖ് അധിനിവേശത്തിൽ മുഖ്യധാരാ മാധ്യമങ്ങളുടെ യു.എസ് പക്ഷപാതിത്വത്തെ ചോദ്യം ചെയ്തുകൊണ്ട് ‘യുദ്ധം ലോകകപ്പ് മത്സരമല്ല’ എന്ന് തുറന്നടിക്കാൻ നമുക്കൊരു വിജയനേ ഉണ്ടായുള്ളൂ.

വിജയനിൽ ‘പ്രത്യയശാസ്ത്ര ശാഠ്യം’ ദർശിച്ച ആളുകളുണ്ട്. കമ്യൂണിസത്തെ വല്ലാതെ തുറന്നുവെച്ചാൽ പ്രത്യയശാസ്ത്രം കടപുഴകും എന്ന അദ്ദേഹത്തിന്റെ നിലപാടാണ് വിവാദമായത്. ‘ഗോർബച്ചേവ് ഇന്നുണ്ടെങ്കിലും സോവിയറ്റ് യൂനിയൻ ഇല്ല’ എന്ന അദ്ദേഹത്തിന്റെ ഓർമപ്പെടുത്തൽ പാർട്ടിക്കുള്ളിൽ മിത്രങ്ങളെപോലെ ശത്രുക്കളെയും ഉണ്ടാക്കി. ജീർണതകൾക്കെതിരെ അസാമാന്യ ആർജവത്തോടെ പൊരുതിയതും അദ്ദേഹം ‘നോട്ടപ്പുള്ളി’യാവാൻ കാരണമായി.

ഇസ്‌ലാമിക പ്രസ്ഥാനത്തെ പറ്റി വിജയൻ മാഷ് നല്ല മതിപ്പ് പുലർത്തിയിരുന്നു. അനാരോഗ്യം കാർന്നുതിന്നുമ്പോഴും പ്രസ്ഥാനത്തിന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹം വേദികൾ പങ്കിട്ടു. *മാധ്യമ*വുമായി മാഷ് ഒരുതരം ആത്മബന്ധം തന്നെ സൂക്ഷിച്ചിരുന്നു.

സോളിഡാരിറ്റിയുടെ പ്രത്യയശാ

സ്ത്രാടിത്തറ മനസ്സിലാക്കിക്കൊണ്ടുതന്നെ എം.എൻ വിജയൻ അതിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും കൂട്ടായ്മകളിൽ പങ്കുകൊള്ളുകയും ചെയ്തു. 'രാഷ്ട്രീയ-മാഫിയാ അച്ചുതണ്ടിനെതിരെ' കൊടുങ്ങല്ലൂരിൽ സോളിഡാരിറ്റി സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യപ്രഭാഷണം വിജയൻ മാഷിന്റേതായിരുന്നു. സോളിഡാരിറ്റിയുടെ ജനപക്ഷ പ്രവർത്തനങ്ങളെ ആദരപൂർവമാണ് വിജയൻ മാഷ് നോക്കിക്കാണാറുള്ളതെന്ന് സോളിഡാരിറ്റി തൃശൂർ ജില്ലാ പ്രസിഡന്റ് ഷാജി ഈ കുറിപ്പുകാരനോട് പറഞ്ഞു. മറ്റു പലരെയും പോലെ ഒരു ചിന്തകൻ എന്ന ഗർവില്ലാതെ വിജയൻ മാഷ് ഞങ്ങളെ ഹൃദ്യമായി സ്വീകരിക്കാറുണ്ടെന്ന് ഷാജി പറയുന്നു. 'ചില എഴുത്തുകാരെങ്കിലും സോളിഡാരിറ്റിയുമായി അകലം പാലിക്കാൻ ശ്രമിച്ചപ്പോൾ മാഷ് പരമാവധി അടുക്കാനാണ് ശ്രമിച്ചത്. അതുകൊണ്ടുതന്നെ ഏതവസരവും വിജയൻ സാറിന് ഫോൺ ചെയ്യാനും ഇടപഴകാനും ഞങ്ങൾക്ക് ധൈര്യമുണ്ടായിരുന്നു'- ഷാജി പറഞ്ഞു. സോളിഡാരിറ്റി തൃശൂർ പി.ആർ.ഒ സ്വദ്റുദ്ദീനുമുണ്ട് വിജയൻ മാഷിനെ പറ്റി ഏറെ പറയാൻ. മാഷുമായി ഉറ്റബന്ധം പുലർത്തിയിരുന്ന സ്വദ്റുദ്ദീന്റെ അഭിപ്രായത്തിൽ സി.പി.എം ജനങ്ങളിൽനിന്നകലുന്ന ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഒരു ജനപക്ഷ രാഷ്ട്രീയത്തെപ്പറ്റി വിജയൻ മാഷ് ചിന്തിച്ചിരുന്നു. ന്യൂനപക്ഷ-ദലിത്-ഇടതുപക്ഷ കൂട്ടായ്മ എന്ന ആശയം അദ്ദേഹത്തെ മഥിച്ചിരുന്നു.

ഇസ്‌ലാമിനെ പറ്റി മാഷ് നിഷ്കൃഷ്ടമായി പഠിച്ചെന്നു പറയാൻ വയ്യ. എങ്കിലും ഇസ്‌ലാമിന്റെ ആത്മീയ-ഭൗതിക സമന്വയം, ഇസ്‌ലാമിന്റെ സ്ഫോടനാത്മകമായ രാഷ്ട്രീയ ശേഷി, മുഹമ്മദ് നബിയുടെ അന്ത്യപ്രവാചകത്വം എന്നിവയെക്കുറിച്ച് മാഷിന് മോശമല്ലാത്ത പിടിപാടുണ്ടായിരുന്നു (ഈ കുറിപ്പുകാരൻ നടത്തിയ കത്തിടപാടുകൾ, മാഷിന്റെ ചില അഭിമുഖങ്ങൾ എന്നിവ മുന്നിൽവെച്ചുകൊണ്ടാണ് ഇത് പറയുന്നത്).

ചിന്തകൻ, പോരാളി, എഴുത്തുകാരൻ, മനഃശാസ്ത്രകാരൻ, അധ്യാപകൻ, കലാകാരൻ... എന്നിങ്ങനെ മാഷിനു ചാർത്താവുന്ന വിശേഷണങ്ങൾ നിരവധിയാണ്. അപ്പോഴും പക്ഷേ ഉയർന്നുനിൽക്കുന്നത് മാഷിലെ പച്ച മനുഷ്യനാണ്. അധിനിവേശങ്ങൾക്കെതിരെ വാക്കുകൾ വെടിയുണ്ടകളാക്കുമ്പോഴും ഫാഷിസത്തെ തൊട്ടുകാണിക്കുമ്പോഴും അഴിമതിക്കെതിരെ പടനയിക്കുമ്പോഴുമൊക്കെ മാഷ് മുന്നിൽ കണ്ടത് മനുഷ്യനെയും മാനവികതയെയുമാണ്. അതാവട്ടെ ഒരിക്കലും ഒരു 'ചാരുകസേരാ വിപ്ലവ'മായിരുന്നില്ല. തളരാത്ത പോരാട്ട വീര്യത്തോടെ ചിരിക്കുന്ന മുഖവും ലളിത ജീവിതവുമായി അദ്ദേഹം സദാ നമുക്കിടയിൽ ഉണർന്നിരുന്നു. 'എല്ലാവർക്കും ഇരിക്കാനാണ് ഇഷ്ടം. അതുകൊണ്ടുതന്നെ ആർക്കും നമ്മെ ഇരുത്താമെന്നായിട്ടുണ്ട്. അതിനാൽ നാം എഴുന്നേൽക്കുക' -ഒരിക്കൽ വിജയൻ എഴുതി. അത് അദ്ദേഹം ജീവിതത്തിൽ, മരണവേളയിലും കാട്ടിത്തന്നു.

അവസാനത്തെ പത്രസമ്മേളനത്തിന് വീട്ടിൽനിന്നിറങ്ങിയ മാഷിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചവരോട് മാഷ് പറഞ്ഞു: 'ഇത് വീട്ടുകാര്യമല്ല; നാട്ടുകാര്യമാണ്.' നാൽപതു വർഷത്തെ കണ്ണൂർ ജീവിതത്തിനിടയിൽ സ്വന്തമായി ഒരു വീടുപോലും പണിയാതെ മീത്തലെ പീടികയിലെ വാടകവീടായ 'കരുണ'യിൽ പേര് സൂചിപ്പിക്കും പോലെ കരുണാർദ്രമായി പെരുമാറിയ മാഷിന്റെ ശീലങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ യാത്രാപ്പടി പോലും സ്വീകരിക്കാതിരുന്ന അർപ്പണമനോഭാവം... തീർച്ചയായും ഇതിൽനിന്നൊക്കെ ഒരുപാട് പാഠങ്ങൾ പഠിക്കാനില്ലേ, വിശിഷ്യാ പോരാളി സംഘങ്ങൾക്ക്? ■